ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**നമ്പർ : എസി.ഡി.സ്പെ.(3)/47741/എച്ച്.എസ്.ഇ/2014** **തീയതി : 30/10/2014**

# <u>സർക്കുലർ</u>

**വിഷയം:- ഹ.സെ.വി- അന്താരാഷ്ട്ര പുസ്തകമേളയും ശാസ്ത്ര സമ്മേളനവും - മത്സരങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നത് - സംബന്ധിച്ച്.**

**സൂചന:- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 50144/ജി3/14/പൊ.വി.വ തീയതി 13/10/2014 നമ്പർ കത്ത്.**

സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യയിലെ പ്രമുഖ പ്രസാധകരായ ഡി.സി ബുക്സ് എന്നിവർ സംയുക്തമായി നവംബർ 1 മുതൽ 14 വരെ അന്താരാഷ്ട്ര പുസ്തകമേള സംഘടിപ്പിക്കുന്നു. തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരമൈതാനമാണ് വേദി.

ഇന്ത്യയിലും വിദേശത്തുമുള്ള മുഖ്യ പ്രസാദകരെക്കൂടാതെ തദ്ദേശീയരായ പ്രസാദകരും പുസ്കതകമേളയിൽ പങ്കെടുക്കുന്നു. 500ലേറെ പ്രസാധകർ പങ്കെടുക്കുന്ന മേളയിൽ പത്തു ലക്ഷത്തിലേറെ പുസ്തകങ്ങളാണ് ലഭ്യമാക്കുന്നത്. ശാസ്ത്ര പുസ്തകങ്ങൾക്ക് ഊന്നൽ നൽകുന്ന പുസ്തകമേളയിൽ പരിസ്ഥിതി , പഠനാനുബന്ധപുസ്തകങ്ങൾ, സാങ്കേതിക പുസ്തകങ്ങൾ, ബാലസാഹിത്യം എന്നിവയോടൊപ്പം റഫറൻസ്, കഥ, കവിത, നോവൽ, ലേഖനം, മാനേജ്മെന്റ്, മെഡിസിൻ എന്നീ മേഖലകളിലേയും പുസ്തകങ്ങൾ ലഭ്യമാണ്.

ശാസ്ത്രസംബന്ധിയായ സെമിനാറുകൾ പ്രഭാഷണങ്ങൾ പുസ്തകപ്രകാശനങ്ങൾ എന്നിവയും മേളയോടനുബന്ധിച്ച് ഒരുക്കിയിട്ടു ്. പ്രാദേശികമായ ക ുപിടിത്തങ്ങളുള്ള പ്രദർശനം മേളയുടെ മുഖ്യ ആകർഷണങ്ങളിലൊന്നാണ്.

പതിന്നാലുദിവസവുമുള്ള സാംസ്കാരിക പരിപാടികൾക്കു പുറമേ, വിദ്യാർത്ഥികൾക്കായി ശാസ്ത്ര ക്വിസ്, പെയിന്റിംഗ്, ശാസ്ത്ര പ്രോജക്റ്റ് തയ്യാറാക്കൽ മത്സരം എന്നിവ സംഘടിപ്പിക്കുന്നു ്. ശാസ്ത്രത്തിലെ പുതുപുത്തൻ പ്രവണതകൾ അവതരിപ്പിക്കുന്ന മേള സന്ദർശിക്കുന്നത് പൊതുജനങ്ങൾക്ക് ശാസ്ത്രീയാഭിരുചി വളർത്താൻ സഹായിക്കും.

സ്കൂൾ ലൈബ്രറികളിലേയ്ക്ക് പുസ്തകങ്ങൾ ആകർഷകമായ സൗജന്യനിരക്കിൽ വാങ്ങുവാനുള്ള ഒരു അസുലഭ അവസരമാണിത്.

സ്കൂൾ ലൈബ്രറികളിലേയ്ക്ക് പുസ്തകം വാങ്ങുന്നതിനും മേളയോടനുബന്ധിച്ച് നടക്കുന്ന മത്സരങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരും കൈക്കൊള്ളേ താണ്.

To

എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരുടേയും

അറിവിലേയ്ക്കായി

ഒപ്പ്

**ഡയറക്ടർ**